(ബി)-(ഇ) കൃഷിവകുപ്പ് ശുപാർശ ചെയ്തത് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ ആവശ്യപ്പെടുമ്പോഴാണ് കൃഷിനാശത്തിന് ധനസഹായം നൽകുന്നതിന് തുക അനുവദിക്കാറുള്ളത്. സുനാമിമൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകുന്നതിലേക്കായി തുക അനുവദിച്ചിട്ടില്ല. അതിനാൽ അത് ചെലവഴിച്ചതിനെ സംബന്ധിച്ച പരാതി അപ്രസക്തമാണ്. ധനസഹായം അനുവദിക്കുമ്പോൾ സുതാര്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

100 ദിന കർമ്മപരിപാടികൾക്ക് ചെലവഴിച്ച തുക

129 [1358] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ച പദ്ധതികൾക്ക് ഓരോന്നിനും എന്തുതുക വീതം നീക്കിവച്ചു ; വിശദമാക്കാമോ ;

(ബി) ഇതിൽ പൂർത്തീകരിച്ച പദ്ധതികൾക്ക് എന്തുതുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തുകയൊന്നും നീക്കിവച്ചിരുന്നില്ല.

(ബി) 'എ' യുടെ ഉത്തരവിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മഹാകവി ജി. ശങ്കരക്കുറുപ്പ് സ്മാരകം പണിയുന്നതിന് സ്ഥലം

130[1359] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാകവി ജി. ശങ്കരക്കുറുപ്പ് സ്മാരകം പണിയുന്നതിന് കൊച്ചി നഗരസഭയ്ക്ക് സ്ഥലം അനുവദിക്കണം എന്ന നഗരസഭയുടെ അഭ്യർത്ഥന സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നഗരസഭയ്ക്ക് സ്ഥലം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം എടുത്തിട്ടില്ല.